എം.എസ്.എ റസാഖ്
msarazak@hotmail.com

# ഹജ്ജും ജീവിത സംസ്കരണവും

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : مَنْ أَتَى هَذَا الْبَيْتَ فَلَمْ يَرْفُثْ وَلَمْ يَفْسُقْ رَجَعَ كَمَا وَلَدَتْهُ أُمُّهُ (مسلم).

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. അല്ലാഹുവിന്റെ ദൂതൻ (സ) അരുളി: ''ഏതൊരുവൻ ഈ ഭവനം സന്ദർശിക്കുകയും ലൈംഗികബന്ധത്തിൽ ഏർപ്പെടുകയോ (അശ്ലീലം പറയുകയോ) അധർമം പ്രവർത്തിക്കുകയോ ചെയ്യാതെയുമിരുന്നാൽ, തന്റെ മാതാവ് തന്നെ പ്രസവിച്ച ദിനത്തിലെന്നപ്പോലെ പാപരഹിതനായാണ് അവൻ തിരിച്ചുപോകുന്നത്'' (മുസ്‌ലിം).**

ഹജ്ജിന്റെ ധാർമികവും സദാചാരപരവുമായ ലക്ഷ്യം വിശദമാക്കുകയാണ് നബി(സ) ഈ ഹദീസിലൂടെ. ഇസ്‌ലാമിലെ പഞ്ചസ്തംഭങ്ങളിൽ അവസാനത്തേതാണ് ഹജ്ജ്. വിശുദ്ധ മക്കയിലെ ദൈവിക ഭവനം ലക്ഷ്യമാക്കിയുള്ള തീർഥാടനമാണ് ഭാഷാപരമായി ഹജ്ജ്. ഇഹ്റാം, ത്വവാഫ്, സഅ്‌യ്, അറഫയിലെ നിർത്തം തുടങ്ങിയ കർമങ്ങൾ നിർവഹിക്കുക വഴി അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കുകയും അവന്റെ തൃപ്തി നേടുകയും ചെയ്യാൻ മക്കയെ ലക്ഷ്യമാക്കിയുള്ള തീർഥാടനമാണ് സാങ്കേതികാർഥത്തിൽ ഹജ്ജ്. ശാരീരികമായ ആരോഗ്യം, സാമ്പത്തികശേഷി, സുഗമമായ യാത്രാ മാർഗം എന്നിവ ഉണ്ടായിരിക്കുകയും മറ്റു സാങ്കേതിക തടസ്സങ്ങൾ ഇല്ലാതിരിക്കുകയും ചെയ്യുന്ന ഏതൊരു മുസ്‌ലിമിനും ജീവിതത്തിലൊരിക്കൽ ഹജ്ജ് നിർവഹിക്കൽ നിർബന്ധമാണ്. നബി(സ) പറയുന്നു: """ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് ഹജ്ജ് നിർബന്ധമാക്കിയിരിക്കുന്നു. അതിനാൽ നിങ്ങൾ ഹജ്ജ് ചെയ്യുക'' (മുസ്‌ലിം). ഹജ്ജ് നിഷേധിക്കുന്നവർ മതനിഷേധിയാകുന്നു. കർമങ്ങളിൽ ഏറ്റവും ഉത്തമായത് ഏതാണെന്ന ചോദ്യത്തിന് നബി(സ) നൽകുന്ന മറുപടി ഇതാണ്: ''അല്ലാഹുവിലും ദൂതനിലുമുള്ള വിശ്വാസം, അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ്, പാപം കലരാത്ത ഹജ്ജ്'' (ബുഖാരി).

പാപം കലരാത്ത ഹജ്ജിനു-ഹജ്ജുൻ മബ്റൂർ- പ്രതിഫലം സ്വർഗമല്ലാതൊന്നുമല്ല (മുസ്‌ലിം). ഹജ്ജിലൂടെ സ്വർഗം കരസ്ഥമാക്കണമെങ്കിൽ അത് നിയമവിധികൾ പാലിച്ചുകൊണ്ടുള്ളതും തെറ്റുകൾ കലരാത്തതും പൂർണതയോടു കൂടി നിർവഹിക്കപ്പെടുന്നതുമാകണം. അത്തരം ഹജ്ജിനാണ് മബ്റൂറായ ഹജ്ജ് എന്ന് പറയുക- ഇമാം ഖുർത്വുബി(റ)യും ഇമാം നവവി(റ)യും വ്യക്തമാക്കുന്നു (*ഫത്ഹുൽ ബാരി*, വാല്യം മൂന്ന്). ഹദീസിൽ പ്രയോഗിച്ച "'റഫസ്'" എന്ന പദത്തിന് ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക എന്നും അശ്ലീലം പറയുക എന്നും അർഥമുണ്ട്. അധർമം പ്രവർത്തിക്കുകയും ദൈവധിക്കാരം പ്രവർത്തിക്കുകയും ദൈവാനുസരണത്തിൽനിന്ന് പുറത്തു കടക്കുകയും ചെയ്യുന്നതിനാണ് 'ഫുസൂഖ്' എന്ന് പറയുക. ഈ രണ്ട് പ്രവർത്തനങ്ങളും ചെയ്യാതെ തുടക്കം മുതൽ ഒടുക്കം വരെ ഹജ്ജിന്റെ നിയമവിധികളും ആദാബുകളും പാലിച്ചുകൊണ്ട് നിർവഹിക്കുന്നവൻ മാതാവ് പ്രസവിച്ച ദിനത്തിലെന്ന പോലെ പാപരഹിതനായി മടങ്ങിവരുമെന്നാണ് നബി(സ) പഠിപ്പിക്കുന്നത്.

മനുഷ്യൻ തന്റെ ഇഛകളോട് നടത്തുന്ന സമരം (ജിഹാദ്) എന്നും ഹജ്ജിനെ നബി (സ) വിശേഷിപ്പിക്കുകയുണ്ടായി. കാരണം ഹജ്ജിൽ ധനവ്യയവും ശാരീരികമായ അധ്വാനവും ഇഛകളോടുള്ള നിരന്തര സമരവും നടക്കുന്നുണ്ട്. ആഇശ(റ) ഒരിക്കൽ തിരുദൂതരോട് ചോദിച്ചു: ''ദൈവദൂതരേ, സൽക്കർമങ്ങളിൽ ശ്രേഷ്ഠം ജിഹാദാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഞങ്ങൾ ജിഹാദ് ചെയ്യട്ടെയോ?'' പ്രവാചകൻ(സ) പ്രതിവചിച്ചു: ''വേണ്ട, നിങ്ങൾക്കുള്ള ഉത്കൃഷ്ടമായ ജിഹാദ് സ്വീകാര്യമായ ഹജ്ജ്-ഹജ്ജുൻ മബ്റൂർ- ആകുന്നു'' (ബുഖാരി).

പാപങ്ങൾ ദൂരീകരിക്കുന്നതാണ് ഹജ്ജ്. നബി(സ) പറഞ്ഞു: ''ഹജ്ജ് അതിന് മുമ്പുള്ളതിനെ ദുർബലമാക്കുന്നു'' (മുസ്‌ലിം). അതുപോലെ ദാരിദ്ര്യവും പാപവും നീക്കം ചെയ്യും (നസാഈ, തിർമിദി). ''ഹജ്ജ് ചെയ്യുന്നവനും ഉംറ ചെയ്യുന്നവനും അല്ലാഹുവിന്റെ യാത്രാ സംഘമാകുന്നു. അവർ അവനോട് പ്രാർഥിച്ചാൽ അവർക്ക് ഉത്തരം ലഭിക്കും. പാപമോചനത്തിനായി ചോദിച്ചാൽ പൊറുത്തുകൊടുക്കും'' (നസാഈ, ഇബ്നുമാജ). ഹജ്ജിനു പുറപ്പെടുന്നവൻ അല്ലാഹുവിന്റെ സംരക്ഷണത്തിലാണുള്ളത്. ''ഹജ്ജിൽ ചെലവ് ചെയ്യുന്നത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്യുന്നതുപോലെയാണ്. ഒരു ദിർഹമിന് എഴുനൂറ് ഇരട്ടി പ്രതിഫലം ലഭിക്കും'' (അഹ്മദ്).

ജീവിത സംസ്കരണമാണ് ഹജ്ജിലൂടെ സഫലമാകേണ്ടത്. അച്ചടക്കപൂർണമായ ജീവിതം നയിക്കാൻ വിശ്വാസിയെ പരിശീലിപ്പിക്കുകയാണ് ഹജ്ജ് ചെയ്യുന്നത്. ജീവിതത്തിലുടനീളം അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിച്ചുകൊണ്ടും അവന്റെ പരമാധികാരം അംഗീകരിച്ചുകൊണ്ടും ജീവിക്കാൻ ഹജ്ജ് നിർവഹണത്തിലൂടെ സാധ്യമാകുന്നു. അത്തരമൊരു ജീവിതക്രമത്തിന് വിശ്വാസിയെ പാകപ്പെടുത്തുംവിധമാണ് ഹജ്ജ് കർമങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഹജ്ജ് ചെയ്യാൻ തീരുമാനിച്ചുകഴിഞ്ഞാൽ മുൻ കഴിഞ്ഞ പാപങ്ങളിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങുന്നു. ബാധ്യതകൾ നിർവഹിക്കുന്നു, ഹലാലായ ധനം കണ്ടെത്തുന്നു (നിഷിദ്ധ ധനം കൊണ്ട് ഹജ്ജ് ചെയ്താൽ ശിക്ഷിക്കപ്പെടുമെന്നും ഹജ്ജ് സാധുവാകുകയില്ലെന്നുമാണ് ഇമാം അഹ്മദ് അടക്കമുള്ള പണ്ഡിതന്മാരുടെ പ്രാമാണികമായ അഭിപ്രായം), ശാരീരികവും മാനസികവുമായ മുന്നൊരുക്കങ്ങൾ നടത്തുന്നു, സദ്‌വൃത്തരായ സംഘത്തോടൊപ്പം പുറപ്പെടുന്നു. തുടർന്ന് ഇഹ്റാം, തൽബിയത്ത്, ത്വവാഫ്, സഅ്‌യ്, അറഫയിലെ നിർത്തവും പ്രാർഥനയും, തലമുടി വടിക്കുകയോ വെട്ടുകയോ ചെയ്യൽ, ബലി അറുക്കൽ, ജംറകളിൽ കല്ലെറിയൽ തുടങ്ങിയ കർമങ്ങൾ ചിട്ടയോടെയും വ്യവസ്ഥയോടെയും നിശ്ചിത സമയക്രമം പാലിച്ചുകൊണ്ട് നിർവഹിക്കുന്നു. ഹജ്ജ് നിർവഹണത്തിലുടനീളം തൗഹീദിന്റെ മന്ത്രധ്വനികൾ അവൻ ശ്രവിക്കുന്നു. തൗഹീദിന്റെ വാക്യങ്ങൾ അവൻ പ്രഖ്യാപിക്കുന്നു. അവൻ നിരന്തരം പ്രഖ്യാപിക്കുന്നു: ''നാഥാ, ഞാനിതാ നിന്റെ വിളിക്ക് ഉത്തരം നൽകി വന്നിരിക്കുന്നു.'' ഈ പ്രഖ്യാപനത്തിന്റെ ആത്മാവ് ഉൾക്കൊണ്ടുള്ളതാവണം ഹാജിയുടെ തുടർ ജീവിതം. കാരണം ഹജ്ജിലൂടെ പാപം കഴുകിക്കളഞ്ഞ് മാതാവ് പ്രസവിച്ച ദിനത്തിലെന്ന പോലെയാണവൻ മടങ്ങുന്നത്. ഹജ്ജ് നിർവഹിച്ച് മടങ്ങിയെത്തുമ്പോൾ ഇങ്ങനെ പ്രാർഥിക്കാൻ നബി(സ) നിർദേശിച്ചിരിക്കുന്നു: ''വിനയാന്വിതനായി ഖേദിച്ചുമടങ്ങിക്കൊണ്ട്, ആരാധനയർപ്പിച്ചുകൊണ്ട്, നമിച്ചുകൊണ്ട്, ഞങ്ങളുടെ റബ്ബിന് സ്തുതിയർപ്പിച്ചുകൊണ്ട്, ഞങ്ങളിതാ തിരിച്ചുവന്നിരിക്കുന്നു'' (മുസ്‌ലിം). ഈ പ്രഖ്യാപനത്തിന്റെ സാക്ഷാത്കാരമാവണം ഹാജിയുടെ തുടർ ജീവിതം. അല്ലാത്തപക്ഷം ഹജ്ജ് അന്തസ്സാരശൂന്യമായ കേവലം ചടങ്ങായി പരിണമിക്കും. ●